02
2021
സെപ്റ്റംബർ
വ്യാഴം
1197
ചിങ്ങം 17

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 144 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-145 പേജ് 4. വില 2.00 രൂപ




02 ഒരു ലക്ഷം വീടുകളിൽ സോളാർ പാനലുകൾ: മന്ത്രി കെ കൃഷ്ണൻകുട്ടി
03 'സ്നേഹ തീർത്ഥം' പദ്ധതിക്ക് തുടക്കമായി
04 പുതിയ വായ്പാ പദ്ധതികളുമായി ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

# കോവിഡ് : കർശന നിയന്ത്രണം ഏർപ്പെടുത്തണമെന്ന് കേന്ദ്രം

ന്യൂഡൽഹി: കേരളത്തിൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കടുപ്പിക്കണമെന്ന് കേന്ദ്രം. ഈ മാസം പകുതിയോടെ സംസ്ഥാനത്തെ കോവിഡ് കുതിപ്പിൽ ശമനം ഉണ്ടാകും. ഇപ്പോൾ മുതൽ രണ്ടാഴ്ചത്തേക്ക് കർശന ലോക്ക്ഡൗൺ ഏർപ്പെടുത്തിയാൽ മാത്രമേ ഈ മാസം പകുതിയോടെ കോവിഡ് കേസുകളിൽ കുറവുണ്ടാകൂ എന്നും കേന്ദ്രം മുന്നറിയിപ്പു നൽകുന്നു.



കർശനമായിട്ടുള്ള നിരീക്ഷണവും അതോടൊപ്പം കണ്ടെയ്മെൻറ് നടപടികളും ആവശ്യമാണ്. പ്രാദേശിക സാഹചര്യങ്ങൾ വിലയിരുത്തി രോഗവ്യാപനത്തിൻറെ തീവ്രത കണക്കിലെടുത്ത് അടച്ചിടൽ നടപ്പാക്കാണം. ഇക്കാര്യത്തിൽ ജില്ലാ തലത്തിൽ എന്നതിന് പുറമേ താഴേത്തട്ടിലേക്ക് കൂടി നിയന്ത്രണം കർശനമായി നടപ്പാക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു.

കേരളവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ കോവിഡ് വാക്സിനേഷൻ കൂട്ടണമെന്ന നിർദേശവുമായി കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യ. തമിഴ്നാടിനും കർണാടകത്തിനുമാണ് നിർദേശം നൽകിയത്.

കോവിഡിൻറെ സംസ്ഥാനാന്തര വ്യാപനം തടയാൻ നടപടി സ്വീകരിക്കുന്നതിൻറെ ഭാഗമായാണ് നിർദേശം. കേരളത്തിൽ കോവിഡ് വ്യാപനം കുറയാൻ കൂടുതൽ മെച്ചപ്പെട്ട ലോക്ക്ഡൗൺ തന്ത്രങ്ങൾ ആവിഷ്കരിക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടു.

## കോവിഡ് പ്രതിരോധം കടുപ്പിക്കാൻ മന്ത്രിസഭാ തീരുമാനം

തിരുവനന്തപുരം: കോവിഡ് വ്യാപനം സംസ്ഥാനത്ത് രൂക്ഷമായ സാഹചര്യത്തിൽ പ്രതിരോധ നടപടികൾ ഊർജിതമാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ഇന്ന് വൈകിട്ട് വിദഗ്ധർ ഉൾപ്പെടുന്ന സമിതിയുടെ യോഗത്തിന് ശേഷമാകും അന്തിമ തീരുമാനമെടുക്കുക.

സംസ്ഥാന സമിതി അംഗം ടി.എൻ.സീമയെ രണ്ടാം നവകേരള പദ്ധതിയുടെ കോർഡിനേറ്ററാക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചു. അബ്കാരി വെൽഫയർ ബോർഡ് ചെയർമാനായി സുനിൽകുമാറിനെയും നിയമിച്ചു.

## തുടർച്ചയായ രണ്ടു മാസം ഒരു ലക്ഷം കോടി രൂപ കടന്ന് ജിഎസ്ടി വരുമാനം

മുംബൈ: തുടർച്ചയായ രണ്ടാം മാസത്തിലും ഒരു ലക്ഷം കോടി രൂപ കടന്ന് രാജ്യത്തെ ജിഎസ്ടി വരുമാനം. ഓഗസ്റ്റിലെ ജിഎസ്ടി വരുമാന ഇനത്തിൽ 1,12,020 കോടി രൂപ ലഭിച്ചതായി കേന്ദ്രധനമന്ത്രാലയം അറിയിച്ചു.

മുൻവർഷം ഓഗസ്റ്റിലെ വരുമാനത്തെക്കാൾ 30 ശതമാനം വർധനയാണ് ഇക്കുറി രേഖപ്പെടുത്തിയിരിക്കുന്നത്. കേന്ദ്ര ജിഎസ്ടി ഇനത്തിൽ 20,522 കോടി രൂപയും സംസ്ഥാന ജിഎസ്ടി ഇനത്തിൽ 26,605 കോടി രൂപയും, സംയോജിത ജിഎസ്ടി ഇനത്തിൽ 56,247 കോടി രൂപയുമാണ് ലഭിച്ചത്. സെസ് :8646 കോടി രൂപ. ജൂലൈയിൽ മൊത്ത ജിഎസ്ടി വരുമാനമായി 1.16 ലക്ഷം കോടി രൂപ ലഭിച്ചിരുന്നു.

തുടർച്ചയായി ഒന്പത് മാസങ്ങളിൽ ഒരു ലക്ഷം കോടി രൂപ കടന്ന ജിഎസ്ടി വരുമാനം രണ്ടാം കോവിഡ് തരംഗത്തെത്തുടർന്ന് ജൂണിൽ താഴോട്ടുപോയിരുന്നു. തുടർന്ന് നിയന്ത്രണങ്ങളിലും രോഗ വ്യാപന നിരക്കിലും കുറവുവന്നതോടെ ജൂലൈയിൽ വരുമാനം വീണ്ടും ഒരു ലക്ഷം കോടി രൂപയ്ക്കു മുകളിലെത്തുകയായിരുന്നു. തുടർച്ചയായി രണ്ടു മാസങ്ങളിൽ ജിഎസ്ടി വരുമാനം ഒരു ലക്ഷം കോടി രൂപയ്ക്കു മുകളിലെത്തിയത് സാന്പത്തികരംഗം അതിവേഗം തിരിച്ചുവരുന്നതിൻറെ ലക്ഷണമാണെന്ന് കേന്ദ്ര ധനമന്ത്രാലയം അറിയിച്ചു. കേരളത്തിൻറെ ജിഎസ്ടി വരുമാനത്തിൽ മുൻവർഷം ഓഗസ്റ്റിനെ അപേക്ഷിച്ച് 31 ശതമാനം വർധനയുണ്ട്.

## വ്യാജ തോക്ക് ലൈസൻസ്: അഞ്ച് കാഷ്മീരികൾ തിരുവനന്തപുരത്ത് പിടിയിൽ


തിരുവനന്തപുരം: വ്യാജ ലൈസൻസിൽ തോക്ക് കൈവശം വെച്ച അഞ്ച് ജമ്മു കാഷ്മീർ സ്വദേശികളെ തിരുവനന്തപുരത്ത് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്ന് അഞ്ച് ഇരട്ടക്കുഴൽ തോക്കുകളും 25 റൗണ്ട് വെടിയുണ്ടകളും പിടിച്ചെടുത്തതായി കരമന പോലീസ് അറിയിച്ചു.

ഷൗക്കത്തലി, ഷുക്കൂർ അഹമ്മദ്, ഗുൽസമാൻ, മുഷ്താഖ് ഹുസൈൻ, മുഹമ്മദ് ജാവേദ് എന്നിവരാണ് പിടിയിലായത്. എടിഎമ്മിൽ പണം നിറയ്ക്കുന്ന സെക്യൂരിറ്റി ഏജൻസി ജീവനക്കാരാണ് ഇവർ. ആറ് മാസം മുമ്പ് മഹാരാഷ്ട്രയിലെ റിക്രൂട്ടിംഗ് ഏജൻസി വഴിയാണ് ഇവർ കേരളത്തിലെത്തിയത്.

## സംസ്ഥാനത്ത് 32,803 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു; ടിപിആർ 18.76

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 32,803 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,74,854 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18.76 ആണ്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 173 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 20,961 ആയി.

തൃശൂർ 4425, എറണാകുളം 4324, കോഴിക്കോട് 3251, മലപ്പുറം 3099, കൊല്ലം 2663, തിരുവനന്തപുരം 2579, പാലക്കാട് 2309, കോട്ടയം 2263, ആലപ്പുഴ 1975, കണ്ണൂർ 1657, പത്തനംതിട്ട 1363, വയനാട് 1151, ഇടുക്കി 1130, കാസർഗോഡ് 614 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.



രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 21,610 പേർ രോഗമുക്തി നേടി. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 154 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 31,380 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1161 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 108 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു.


സംസ്ഥാനത്ത് 2,29,912 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 38,38,614 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 5,57,085 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 5,24,380 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 32,705 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

3227 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ ഏഴിന് മുകളിലുള്ള 296 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളാണുള്ളത്. അതിൽ 81 എണ്ണം നഗര പ്രദേശങ്ങളിലും 215 എണ്ണം ഗ്രാമ പ്രദേശങ്ങളിലുമാണുള്ളത്.

## രണ്ടു മക്കൾക്കൊപ്പം മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയ യുവതിയും മരിച്ചു

അങ്കമാലി: തുറവൂർ പെരിങ്ങാംപറമ്പിൽ രണ്ടു മക്കളെ തീകൊളുത്തി കൊലപ്പെടുത്തിയ ശേഷം ആത്മഹത്യക്ക് ശ്രമിച്ച യുവതിയും മരിച്ചു. പെരിങ്ങാംപറമ്പിൽ ഏലംന്തുരുത്തി വീട്ടിൽ അനൂപിൻറെ ഭാര്യ അഞ്ജുവാണ് (29) മരിച്ചത്. മക്കളായ ആതിര (ഏഴ്), അരൂഷ് (മൂന്ന്) എന്നിവർ നേരത്തേ മരിച്ചിരുന്നു.





ബുധനാഴ്ച ഉച്ചയ്ക്ക് ശേഷമായിരുന്നു സംഭവം. കുട്ടികളുടെ ശരീരത്ത് ആദ്യം മണ്ണെണ്ണയൊഴിച്ച് തീകൊളുത്തിയ ശേഷം അഞ്ജുവും സ്വയം തീകൊളുത്തുകയായിരുന്നു. തീ ഉയരുന്നത് കണ്ട് ഓടിയെത്തിയ അയൽവാസികൾ മൂവരെയും അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും കുട്ടികൾ മരിച്ചിരുന്നു.

ഗുരുതരമായി പൊള്ളലേറ്റ അഞ്ജുവിനെ വിദഗ്ധ ചികിത്സയ്ക്കായി തൃശൂർ മെഡിക്കൽ കോളജിലേക്ക് മാറ്റിയെങ്കിലും വൈകുന്നേരത്തോടെ മരണം സംഭവിച്ചു. യുവതിയുടെ ഭർത്താവ് അനൂപ് ഒന്നരമാസം മുൻപാണ് ഹൃദയാഘാതം മൂലം മരിച്ചത്. ഈ സംഭവത്തിന് ശേഷം മാനസിക വിഷമത്തിലായിരുന്നു യുവതിയെന്ന് അയൽക്കാർ പറയുന്നു. ഇതേതുടർന്നാണ് സംഭവമെന്ന് കരുതുന്നു.

## നല്ലനടപ്പ് ദുഷ്പരെന്ന കളങ്കം മാറ്റുമോ...




പോലീസുകാരെ ഒരിക്കലും കുറ്റം പറയാൻ പാടില്ല. അവരെ റിക്രൂട്ട് ചെയ്യുന്നതും പരിശീലിപ്പിക്കുന്നതും ശമ്പളം കൊടുക്കുന്നതും കള്ളൻമാരെ കണ്ടു പിടിക്കാനാണ്.അവർക്ക് ആരെയും കള്ളൻമാരായേ കാണാൻ കഴിയൂ.പട്ടിക്ക് കവിയാണോ,കള്ളനാണോ,കാമുകനാണോ എന്നൊന്നും വകതിരിവുണ്ടാവില്ല. ഈ ജനുസ്സിൽ ആരെക്കാണ്ടാലും പട്ടി കുരച്ചിരിക്കും.എങ്കിൽ പിന്നെ പട്ടി പോരെ,എന്തിനു പോലീസ്.. എന്നൊരു ചോദ്യം മനസ്സിലുയരും.തീർത്തും ശരിയായ സംശയമാണത്.പക്ഷേ പട്ടിക്കു പകരം പോലീസിനെ വച്ചാൽ ചില്ലറ അപകടങ്ങളുണ്ടാകും.പട്ടിക്കു കുരയ്ക്കാനേ അറിയൂ.പോലീസുകരെപ്പോലെ ത്രിഭാഷാ പദ്ധതിയിൽ ചീത്ത വിളിക്കാനറിയില്ല.പട്ടിക്കു പകരം വല്ല തത്തയോ മൈനയോ പോലീസ് വകുപ്പിലുണ്ടായിരുന്നെങ്കിൽ അവയെല്ലാം ഇതിനകം എക്സ്കേഡർ ഡിജിപിമാരാകുമായിരുന്നു.

ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് ആറ്റിങ്ങലിൽ ഒരു യുവാവിനെ മകളുടെ മുന്നിലിട്ടു ചോദ്യം ചെയ്ത വനിതപോലീസുകാരിയെ എല്ലാവരും കുറ്റപ്പെടുത്തുന്നതു കേട്ടു.എന്നാൽ അതിൽ നീതിയും ന്യായവുമില്ല.നീതി മെഡിക്കൽസും ന്യായവിലക്കടയുമില്ല.പിങ്ക് പോലീസിലെ അംഗമാണ് ഈ പോലീസുകാരി.സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക സുരക്ഷയൊരുക്കാൻ ബാധ്യസ്ഥ.കുട്ടിയുടെ അച്ഛൻ കുറ്റം ചെയ്താൽ അതു കുട്ടിയുടെ തലയിൽ വീഴാതിരിക്കാൻ സദാപി സന്നദ്ധ.ആ കടമ നിറവേറ്റുകമാത്രമാണ് പിങ്ക് പോലീസുകാരി ചെയ്തത്. അതിന്റെ പേരിൽ അവരെ മരണം വരെ തൂക്കിലേറ്റണമെന്നും, ഫയറിംഗ് സ്ക്വാഡിനു മുന്നിൽ ഹാജരാക്കണമെന്നും ശഠിക്കുന്നവർക്ക് ശഠിക്കാം.ശരനോട് ശാഠ്യമെന്നല്ലേ ചൊല്ല്.

പോലീസ് വാഹനത്തിൽ നിന്ന് മൊബൈൽ ഫോൺ മോഷ്ടിക്കണമെങ്കിൽ അപാര ചങ്കൂറ്റം വേണം.തീക്കട്ടയിൽ അരിക്കാനുള്ള ധൈര്യം അപൂർവ്വം പേർക്കേ ഉണ്ടാവൂ..അത്തരക്കാരനാണ് ടാപ്പിങ് തൊഴിലാളിയായ ജയചന്ദ്രനെന്ന് ഒറ്റനോട്ടത്തിൽ തന്നെ പോലീസുകാരിയായ രജിതയ്ക്ക് ബോധ്യമായി.അവരെ പഴിച്ചിട്ടു കാര്യമില്ല.ഏത് ആൾക്കൂട്ടത്തിൽ നിന്നും കള്ളൻമാരെ കണ്ടെത്താനുള്ള ദിവ്യദൃഷ്ടി അവർക്ക് പരിശീലന കാലത്തു പകർന്നു കിട്ടിയതാണ്.


മോഷ്ടാവായ ജയചന്ദ്രൻ ഫോൺ അടിച്ചു മാറ്റുക മാത്രമല്ല, അതു പെരുങ്കള്ളിയായ എട്ടുവയസ്സുകാരിയായ മകൾക്കു കൈമാറിയതായും പോലീസുകാരിയുടെ ദിവ്യദൃഷ്ടിയിൽ തെളിഞ്ഞു പിന്നെ ചോദ്യമായി.എന്തുകൊണ്ടോ ഭേദ്യമുണ്ടായില്ല.ഷർട്ട് പൊക്കി നോക്കുകയേ ചെയ്തുള്ളു.അഞ്ചുറുപ്യ പോലീസ് ആയിരുന്നെങ്കിൽ ജയചന്ദ്രൻ ഇതിനകം ഷെഡ്ഡിയുടെ ഇലാസ്റ്റിക്കിൽ ലോക്കപ്പിൽ തൂങ്ങിയാടിയേനെ. എന്തായാലും അത്രയും പരിശീലന മികവ് നേടാത്ത ഒരു പോലീസുകാരി മേപ്പടി ഫോണിലേക്കൊന്നു വിളിച്ചു നോക്കി. പിങ്ക് പോലീസിന്റെ കാറിനുള്ളിൽ നിന്നു മണി മുഴങ്ങി. മണി മുഴങ്ങുന്നതാർക്കുവേണ്ടി എന്നു മാത്രം ചോദിക്കരുത്.

ഇത്രയും നിസ്സാരമായൊരു സംഭവത്തിന്റെ പേരിൽ രജിതാ മാഡത്തിനെ കഴുവിലേറ്റാനുള്ള വകുപ്പൊന്നും ഇന്ത്യൻ ശിക്ഷാനിയമത്തിലില്ല.പതിനഞ്ചു ദിവസത്തേയ്ക്കു നല്ല നടപ്പിനയക്കാൻ ഡിഐജി ശുപാർശ ചെയ്തതു തന്നെ കടന്നു പോയി.പോലീസ് സേനയ്ക്കു ദുഷ്പേരുണ്ടാക്കി എന്നതാണ് അദ്ദേഹത്തിന്റെ കണ്ടെത്തൽ.എന്തായാലും ഡിഐജി ഒരു കാര്യത്തിന് മറുപടി പറഞ്ഞേ പറ്റൂ. എന്നാണ് പോലീസിന് സൽപേരുണ്ടായിരുന്നത്...റിപ്പോർട്ടിലെ ശുപാർശ അക്ഷരം പ്രതി പാലിച്ചാൽ പൊലീസ് ആസ്ഥാനം തന്നെ ദുർഗുണ പരിഹാര പാഠശാലയാക്കേണ്ടതല്ലേ...സംശയങ്ങൾ ഉന്നയിച്ചെന്നേയുള്ളു.മറുപടി നിർബന്ധമില്ല.ഉരുട്ടലും ഗരുഡൻ തൂക്കവും വിധിക്കാതിരുന്നാൽ മതി.

### ധൈര്യവും നവീന ആശയങ്ങളും വിളയുന്ന സ്ത്രീസമൂഹം ഉണ്ടാകണം: സ്പീക്കർ എം. ബി. രാജേഷ്

വായനയിലൂടെ നട്ടെല്ല് വളയാത്ത, ധൈര്യവും നവീന ആശയങ്ങളും വിളയുന്ന കരുത്തുള്ള തലമുറയായി സ്ത്രീ സമൂഹം മാറണമെന്ന് നിയമസഭാ സ്പീക്കർ എം. ബി. രാജേഷ്. പൊതു ഇടങ്ങളായ വായനശാലയിലേക്ക് സ്ത്രീകൾക്ക് കടന്നുവരുന്നതിന് പ്രോത്സാഹനമാകാൻ അതിജീവനത്തിന്റെ പെൺ വായനയ്ക്കു കഴിയുമെന്നും അദ്ദേഹം പറഞ്ഞു. കരുനാഗപ്പള്ളി താലൂക്ക് ലൈബ്രറി കൗൺസിൽ കുടുംബശ്രീ കൊല്ലം ജില്ലാ മിഷന്റെ സഹകരണത്തോടെ നടപ്പാക്കുന്ന 'അതിജീവനത്തിന് പെൺവായന' പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പദ്ധതിയിൽ അംഗമായ ഓച്ചിറയിലെ 86 വയസ്സുകാരി ദേവകിക്കും ഏഴുവയസ്സുകാരി ഹിബാ മിസ്രിയയ്ക്കും പുസ്തക കിറ്റും ഫലവൃക്ഷതൈകളും സ്പീക്കർ കൈമാറി. കരുനാഗപ്പള്ളി താലൂക്ക് ലൈബ്രറി കൗൺസിലിന്റെ ഉപഹാരം താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പി.ബി ശിവൻ സ്പീക്കർക്ക് കൈമാറി. ഉപാധികൾ ഇല്ലാതെ പതിനായിരം സ്ത്രീകൾ അതിജീവനത്തിന്റെ പെൺവായനയിൽ അംഗമായതായി താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി വി വിജയകുമാർ പറഞ്ഞു. ചടങ്ങ് നടക്കവേ 3000 സ്ത്രീകൾ വീടുകളിൽ ഫലവൃക്ഷ തൈകൾ നട്ടു പദ്ധതിയുടെ ഭാഗമായി.



കരുനാഗപ്പള്ളി ജോൺ എഫ്. കെന്നഡി മെമ്മോറിയൽ വി.എച്ച്.എച്ച്.എസിൽ നടത്തിയ ചടങ്ങിൽ സി. ആർ മഹേഷ് എം.എൽ.എ അധ്യക്ഷനായി. ഡോ. സുജിത്ത് വിജയൻപിള്ള എം.എൽ.എ മുഖ്യാതിഥിയും. കരുനാഗപ്പള്ളി മുൻസിപ്പൽ ചെയർമാൻ കോട്ടയിൽ രാജു, ക്ലാപ്പന പഞ്ചായത്ത് പ്രസിഡന്റ് മിനിമോൾ, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം എ.പ്രദീപ്, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി ഡി. സുകേശൻ, ജില്ലാ ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങളായ ഡോ. വള്ളിക്കാവ് മോഹൻദാസ്, വി.പി.ജയപ്രകാശ് മേനോൻ, നീണ്ടകര പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.രജനി, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി.ആർ അജു, എൽ. ശ്രീലത, ഡോ പി. മീന തുടങ്ങിയവർ പങ്കെടുത്തു.



കരുനാഗപ്പള്ളി ജോൺ എഫ് കെന്നഡി മെമ്മോറിയൽ സ്കൂളിൽ നടത്തിയ സെമിനാറിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ സംസാരിക്കുന്നു

# കർഷകരെ തഴഞ്ഞ് മുന്നോട്ട് പോകാനാകില്ല: മന്ത്രി വി.എൻ. വാസവൻ

കർഷകരെ തഴഞ്ഞ് സമൂഹത്തിന് മുന്നോട്ട് പോകാനാകില്ലെന്ന് സഹകരണം, രജിസ്ട്രേഷൻ മന്ത്രി വി.എൻ. വാസവൻ. സഹകരണ മേഖല കാർഷിക രംഗത്തെ വികസനത്തിനായി ഒരുമിച്ചുനിന്നു പ്രവർത്തിക്കുകയാണെന്നും വ്യവസായ പുരോഗതിയിൽ കർഷകന്റെ പങ്ക് നിർണായകമാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മികച്ച കർഷകർക്കുള്ള പുരസ്കാരങ്ങൾ സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാർഷിക മേഖലയിൽ കൃഷിക്കാരുടെ അത്താണിയാണ് സഹകരണ ബാങ്കുകൾ. ദേശസാൽകൃത ഷെഡ്യൂൾഡ് ബാങ്കുകളുടെ ലയനത്തോടെ രാജ്യത്താകെ 2218 ശാഖകളാണ് അടച്ചുപൂട്ടിയത്. എബിടി എസ്ബിഐ ലയനം കഴിഞ്ഞപ്പോൾ കേരളത്തിലെ 117 ശാഖകളും നിരവധി അഡ്മിനിസ്ട്രേറ്റീവ് ഓഫീസുകളും അടച്ചുപൂട്ടി. കാർഷിക മേഖലയിലും കുടിൽ വ്യവസായ രംഗത്തും വായ്പകൾ നൽകി സഹായിക്കാനായി നടത്തിയ ബാങ്ക് ദേശസാൽകരണം ഇതോടെ ഇല്ലാതായി. ഈ ഘട്ടത്തിൽ കർഷകർക്കും സാധാരണക്കാർക്കും താങ്ങായി സമാന്തര സാമ്പത്തിക സങ്കേതങ്ങളായി നിൽക്കാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞു. പ്രളയവും കോവിഡും പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ മൊറട്ടോറിയം അടക്കമുള്ള സഹായ പദ്ധതികൾ സഹകരണ മേഖല നടപ്പാക്കി. പ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർ 2600 വീടുകൾ നൽകാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ 2006 വീടുകൾ പൂർത്തിയായി കഴിഞ്ഞു. പൊതുജനങ്ങളുടെ ഏതൊരു അവസ്ഥയിലും കൈത്താങ്ങായി നിൽക്കാൻ സഹകരണ മേഖലയ്ക്കു കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. എല്ലാത്തരത്തിലുള്ള ജനോപകാര നടപടികളുമായി മുന്നോട്ട് പോകുമ്പോൾ ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമല്ലാത്ത പ്രവണതകൾക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു മുന്നോട്ട് പോകുകയാണ് സഹകരണ വകുപ്പ്. ഭരണ സമിതിയായാലും ഉദ്യോഗസ്ഥരായാലും ശക്തമായ നടപടികൾ സ്വീകരിക്കും. നിക്ഷേപകർക്ക് ആശങ്കയില്ലാത്ത വിധം നിക്ഷേപങ്ങൾ മടക്കി നൽകാൻ ആവശ്യമായ നടപടികളും സ്വീകരിക്കും. തൃശ്ശൂരിലുണ്ടായ സംഭവത്തിൽ കൺസോർഷ്യം രൂപീകരിച്ച് നിക്ഷേപം മടക്കി നൽകാൻ നടപടികൾ സ്വീകരിച്ചു. ഇത്തരത്തിലുള്ള സംഭവങ്ങളെ സാമാന്യവൽക്കരിച്ച് സഹകരണ മേഖലയ്ക്കെതിരെ നടക്കുന്ന പ്രചാരണങ്ങളിൽ ജാഗ്രത പാലിക്കണമെന്നും മന്ത്രി വി.എൻ. വാസവൻ പറഞ്ഞു. കാർഷിക മേഖലയിൽ കൂടുതൽ പദ്ധതികൾ നടത്തി മുന്നോട്ട് പോകാനാണ് സഹകരണ വകുപ്പ് തീരുമാനിച്ചിട്ടുള്ളതെന്നു പറഞ്ഞ മന്ത്രി മഹാകവി വള്ളത്തോളിന്റെ കർഷകൻ എന്ന കവിതയിലെ വരികൾ ചൊല്ലിയാണ് പ്രസംഗം അവസാനിപ്പിച്ചത്. കാർഷിക മേഖലയിൽ കൂടുതൽ ഇടപെടലുകൾ നടത്തി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുമെന്ന് അവാർഡ് ദാന ചടങ്ങിൽ അധ്യക്ഷനായിരുന്ന സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ് സോളമൻ അലക്സ് പറഞ്ഞു.

മികച്ച കർഷകനുള്ള പുരസ്കാരം ഇടുക്കിയിൽ നിന്നുള്ള ഇ.എസ്. തോമസും രണ്ടാമത്തെ മികച്ച കർഷകനുള്ള പുരസ്കാരം വൈക്കത്തു നിന്നുള്ള കെ.എം. സെബാസ്റ്റ്യനും മന്ത്രിയിൽ നിന്നും ഏറ്റു വാങ്ങി. യോഗത്തിൽ ബാങ്ക് ഡയറക്ടറും മുൻ എംഎൽഎയുമായ കെ. ശിവദാസൻ നായരും വൈസ് പ്രസിഡന്റ് കെ. നീലകണ്ഠനും കർഷകരെ പൊന്നാട അണിയിച്ച് ആദരിച്ചു. മാനേജിംഗ് ഡയറക്ടർ ബിനോയ് കുമാർ, ഡയറക്ടർ കുഞ്ഞഹമദ് കുട്ടി എംഎൽഎ, പി. മമ്മിക്കുട്ടി എംഎൽഎ എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ മാനേജർ അപർണ പ്രതാപ് നന്ദി പറഞ്ഞു.

## സാങ്കേതിക വിദ്യയിലൂന്നിയ പരിഷ്ക്കാരമാണ് ഗുണ നിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിന് അനിവാര്യം : ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ

തിരുവനന്തപുരം : സാങ്കേതിക വിദ്യയിലൂന്നിയ പരിഷ്ക്കാരമാണ് ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസത്തിന് അനിവാര്യമായതെന്ന് കേരള ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്. ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവകലാശാലയും ചേർന്ന് സംഘടിപ്പിക്കുന്ന ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ അദ്ധ്യാപക പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

# ഇന്ത്യ, ഇംഗ്ലണ്ട് പരമ്പര നാലാം ടെസ്റ്റിന് ഇന്ന് തുടക്കം

മാഞ്ചസ്റ്റർ: ഇന്ത്യഇംഗ്ലണ്ട് നാലാം ടെസ്റ്റിന് ഇന്ന് തുടക്കം. കെന്നിങ്ടൺ ഓവലിൽ ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് 3.30നാണ് മത്സരം ആരംഭിക്കുക. രണ്ട് മത്സരങ്ങൾ ശേഷിക്കെ ഇരുടീമുകളും 11ന് ഒപ്പത്തിനൊപ്പമാണ്. മൂന്നാം ടെസ്റ്റിൽ വിജയിച്ച ആത്മവിശ്വാസത്തിൽ ഇംഗ്ലണ്ട് ഇറങ്ങുമ്പോൾ പരമ്പരയിൽ വീണ്ടും മുന്നിലെത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യം. ഓവലിൽ വിജയിക്കുന്ന ടീമിനു പരമ്പര നഷ്ടമാവില്ലെന്നും ഉറപ്പിക്കാം.

ലീഡ്സ് ടെസ്റ്റിലെ തകർച്ചക്ക് പിന്നാലെ ടീമിൽ മാറ്റങ്ങളോടെയായിരിക്കും ഇന്ത്യ ഇറങ്ങുക. സ്പിൻ ഓൾ റൗണ്ടർ ആർ അശ്വിൻ മടങ്ങിയെത്തിയേക്കും. ജഡേജ ശാരീരികക്ഷമത വീണ്ടെടുത്താലും അശ്വിൻ ആദ്യ ഇലവനിൽ സ്ഥാനം പിടിക്കാനാണ് സാധ്യത. അതേ സമയം നാല് പേസർമാരെ തന്നെ നിലനിർത്താൻ തീരുമാനിച്ചാൽ ഇഷാന്ത് ശർമ്മയ്ക്ക് പകരം ഷാർദുൽ താക്കൂറോ ഉമേഷ് യാദവോ അന്തിമ ഇലവനിലെത്തും.

ഫോമിലല്ലാത്ത അജിൻക്യ രഹാനെക്കു പകരം സൂര്യകുമാർ യാദവിന് അവസരം നൽകണമോയെന്നും ടീം ചിന്തിക്കുന്നുണ്ട്. എന്നാൽ മുൻനിരയിൽ കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല. ഇന്ത്യൻ സ്ക്വാഡിലേക്ക് ബൗളർ പ്രസിദ്ധ് കൃഷ്ണയെ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നോട്ടിങ്ഹാമിലെ ട്രെന്റ് ബ്രിഡ്ജിൽ നടന്ന ആദ്യ ടെസ്റ്റ് സമനിലയിൽ പിരിയുകയായിരുന്നു. എന്നാൽ ചരിത്രവേദിയായ ലോർഡ്സിൽ ഇംഗ്ലണ്ടിനെ ഇന്ത്യ തകർത്തു. 151 റൺസിന്റെ വമ്പൻ ജയമായിരുന്നു ഇന്ത്യ ആഘോഷിച്ചത്. പക്ഷെ ലീഡ്സിലെ ഹെഡിങ്ലേയിൽ ഇംഗ്ലണ്ട് കണക്കുതീർത്തു. നാലുദിവസം കൊണ്ട് ഇന്ത്യയെ ഇംഗ്ലണ്ട് ചുരുട്ടിക്കെട്ടി.

ഇന്നിങ്സിനും 76 റൺസിനുമായിരുന്നു വിജയം. ഇന്ത്യൻ നായകൻ വിരാട് കോലിയെ തളച്ചാൽ പരമ്പര ജയിക്കാമെന്ന് മത്സരത്തിന് മുന്നോടിയായി ഇംഗ്ലീഷ് നായകൻ ജോ റൂട്ട് അഭിപ്രായപ്പെട്ടിരുന്നു. അശ്വിനെ നേരിടാനും ടീം തയ്യാറെടുത്തിട്ടുണ്ട്. അശ്വിൻ ലോകോത്തര താരമാണ്. അതു തെളിയിക്കുന്നതാണ് അദ്ദേഹത്തിന്റെ ബോളിങ് റെക്കോർഡുകളെന്നും ജോ റൂട്ട് പറഞ്ഞു.

ഇംഗ്ലണ്ട് ടീമിൽ വിക്കറ്റ്കീപ്പറും വൈസ് ക്യാപ്റ്റനുമായ ജോസ് ബട്‌ലർ ഉണ്ടാവില്ല. കുടുംബപരമായ കാരണങ്ങളാൽ വിട്ടുനിൽക്കുകയാണ്. ടീമിലെ ഏറ്റവും പരിചയസമ്പന്നനും ഈ പരമ്പരയിലെ മികച്ച ബൗളറുമായ ജിമ്മി ആൻഡേഴ്സനും വിശ്രമം നൽകിയേക്കും. ഇംഗ്ലണ്ടിലെ ഏറ്റവും ബാറ്റിംഗനുകൂല പിച്ചാണ് ഓവലിലേത്. അതിനാൽ ബൗളർമാർക്ക് ജോലി ഭാരം കൂടും. സ്പിന്നർമാർക്ക് നേരിയ പിന്തുണയും പിച്ച് നൽകിവരുന്നുണ്ട്. മത്സരത്തിന്റെ നാലാമത്തെയും അഞ്ചാമത്തെയും ദിനം മഴ പെയ്തേക്കുമെന്നാണ് കാലാവസ്ഥാ സൂചന. 14 ടെസ്റ്റുകളാണ് ഇവിടെ ഇന്ത്യ കളിച്ചിട്ടുള്ളത്. ഇവയിൽ വിജയിക്കാനായത് ഒരേയൊരെണ്ണത്തിൽ മാത്രമാണ്. അഞ്ചു ടെസ്റ്റുകളിൽ പരാജയമേറ്റുവാങ്ങിയപ്പോൾ ഏഴു മൽസരങ്ങൾ സമനിലയിൽ കലാശിക്കുകയും ചെയ്തു.

# അഫ്ഗാനിൽ അനിശ്ചിതത്വത്തിന്റെ ആദ്യ ദിനം; എടിഎമ്മുകളിൽ നീണ്ട നിര

കാബൂൾ: അനിശ്ചിതത്വം, ഭയം, ആഘോഷം എന്നിവ നിറഞ്ഞതായിരുന്നു 20 വർഷങ്ങൾക്ക് ശേഷം വിദേശ അധിനിവേശമില്ലാത്ത അഫ്ഗാനിസ്ഥാന്റെ ആദ്യദിനം. രാജ്യത്തിന്റെ ഭരണം പിടിച്ചെടുത്ത താലിബാൻ അമേരിക്കയിലെ അവസാന സൈനികനും രാജ്യം വിട്ടതോടെ ആഘോഷപരിപാടികൾ ആരംഭിച്ചു.

സാമ്പത്തിക മേഖലയിലെ ആശങ്ക വ്യക്തമാക്കുന്നതായിരുന്നു രാജ്യമെമ്പാടുമുള്ള എടിഎമ്മുകൾക്കും ബാങ്കുകൾക്കും മുൻപിൽ പ്രത്യക്ഷപ്പെട്ട നീണ്ട നിരകൾ. സാമ്പത്തിക രംഗം തകർച്ചയിലേക്ക് കൂപ്പുകുത്തിയേക്കുമെന്ന ആശങ്കയിൽ കഴിയുന്നത്ര പണം കൈവശം സൂക്ഷിക്കാനാണ് പൗരന്മാരുടെ ശ്രമം.

രാജ്യത്തിന്റെ അനിശ്ചിതത്വ ദിനങ്ങൾക്ക് തുടക്കം കുറിച്ചതായി കാബൂളിലെ വനിതാ മാധ്യമ പ്രവർത്തക മൊസാക സൻകാർ നിയാസെ ഇന്ത്യാ ടുഡെ ടിവിയോട് പറ!ഞ്ഞു. സ്ത്രീകളുടെ ഭാവി എന്താണെന്ന് അറിയില്ല, മുസ്‌ലിം ആയിരുന്നിട്ടും ഹിജാബ് ധരിച്ചിട്ടും സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ ലഭിക്കുന്നില്ലെന്നും അവർ പറഞ്ഞു.

രാജ്യത്തിന്റെ ഭരണസംവിധാനം തിരിച്ചുപിടിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ജോലിയിൽ പ്രവേശിക്കാൻ താലിബാൻ ആവശ്യപ്പെട്ടു.

# കോവിഡ് പ്രതിരോധം: ഇ സഞ്ജീവനി ശക്തിപ്പെടുത്തി കൂടി

സംസ്ഥാനത്ത് കോവിഡ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ ടെലി മെഡിസിൻ സംവിധാനമായ ഇസഞ്ജീവനി സേവനങ്ങൾ കൂടുതൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനങ്ങൾ ഉൾപെടുത്തി ശക്തിപ്പെടുത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. തിരുവനന്തപുരം ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശിശു ഹൃദ്രോഗ വിഭാഗം ഒപിയും, ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ (സി.ഡി.സി) സ്പെഷ്യാലിറ്റി ഒ.പി.യുമാണ് പുതുതായി ആരംഭിക്കുന്നത്. എല്ലാ ചൊവ്വാഴ്ചകളിലും ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെയുള്ള ശ്രീ ചിത്രയുടെ ഒപിയിലൂടെ 20 ഓളം സേവനങ്ങൾ ലഭ്യമാകും. നിരന്തരമായ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്താണ് സി.ഡി.സി.യുടെ ഒ.പി. തുടങ്ങുന്നത്. ഇതുവഴി കോവിഡ് വ്യാപന സമയത്ത് സി.ഡി.സി.യിലേക്കുള്ള സന്ദർശനം ഒഴിവാക്കി കുട്ടികൾക്ക് വീട്ടിൽ ഇരുന്ന് സേവനങ്ങൾ ഉപയോഗിക്കാൻ കഴിയുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

കോവിഡ് കാലത്ത് പരമാവധി ആശുപത്രി സന്ദർശനം ഒഴിവാക്കി വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ ചികിത്സ തേടാൻ ഇ സഞ്ജീവനിയിലൂടെ കഴിയും. 4365 ഡോക്ടർമാരാണ് സേവനം നൽകുന്നത്. സാധാരണ ഒപിക്ക് പുറമേ എല്ലാ ദിവസവും സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനവും ഉറപ്പ് വരുത്തിയിട്ടുണ്ട്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പടെ 47ൽ പരം വിവിധ ഒ.പി. സേവനങ്ങളാണ് നൽകുന്നത്. സ്പെഷ്യാലിറ്റി സേവനങ്ങൾ ഉറപ്പാക്കാൻ ഒരു ദിവസം രണ്ട് ജില്ലകളിലെ സ്പെഷ്യാലിറ്റി ഡോക്ടർമാരും കൂടാതെ ഡി.എം.ഇ യുടെ കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിൽ നിന്നുമുള്ള ഡോക്ടർമാരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഗൃഹ സന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ, ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ. എന്നിവർക്കും ഇ സഞ്ജീവനി വഴി ഡോക്ടർമാരുടെ സേവനം തേടാം.കോവിഡ് വ്യാപനം കുറഞ്ഞതിനെ തുടർന്ന് ആശുപത്രിയിൽ നേരിട്ട് പോയി തുടർചികിത്സ നടത്തുന്നവരും ടെലി മെഡിസിൻ സേവനം ഉപയോഗിക്കാം. കോവിഡ് ഒ.പി എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാണ്. എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയാണ് ജനറൽ ഒപി പ്രവർത്തിക്കുന്നത്. ഏത് വിധത്തിലുള്ള അസുഖങ്ങൾക്കും ചികിത്സ സംബന്ധമായ സംശയങ്ങൾക്കും സേവനം തേടാം. ഇതുവരെ 2.45 ലക്ഷം പേരാണ് ഇ സഞ്ജീവനി സേവനം ഉപയോഗിച്ചത്.

കോവിഡ് കാലത്ത് ഓൺലൈനിലൂടെ വലിയ സേവനം നൽകുന്ന ഇ സഞ്ജീവനിയിലെ ഡോക്ടർമാർക്കെതിരെ മോശമായി പെരുമാറുന്നവർക്കെതിരെ കർശന നടപടിയെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഓൺലൈനായി സേവനം ഉപയോഗപ്പെടുത്താൻ h-ttp-s://e-san-j-e-ev-an-iop-d.in എന്ന വെബ് സൈറ്റ് വഴിയോ വ ttp-s://p-l-ay.goo-g-l-e.com/stor-e/app-s/d-e-ta-i-l-s?i-d=in.h-i-e-d.e-san-j-e-ev-an-iop-d&h-l=en-_-U-S എന്ന ആപ്ലിക്കേഷൻ വഴിയോ ബന്ധപ്പെടാം. ലമെിഷലല്മിശീറ.ശി എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് ആ വ്യക്തി ഉപയോഗിക്കുന്ന മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യുക. തുടർന്ന് ലഭിക്കുന്ന ഒടിപി നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം പേഷ്യന്റ് ക്യൂവിൽ പ്രവേശിക്കാം.

വീഡിയോ കോൺഫറൻസ് വഴി ഡോക്ടറോട് നേരിട്ട് രോഗ വിവരത്തെപ്പറ്റി സംസാരിക്കാം. ഓൺലൈൻ കൺസൾട്ടേഷന് ശേഷം മരുന്ന് കുറിപ്പടി ഉടൻ തന്നെ ഡൗൺലോഡ് ചെയ്ത് മരുന്നുകൾ വാങ്ങാനും പരിശോധനകൾ നടത്താനും തുടർന്നും സേവനം തേടാനും സാധിക്കും. സംശയങ്ങൾക്ക് ദിശ 104, 1056, 0471 2552056.

# ഗുരുവായൂർ ദേവസ്വം പരീക്ഷ: ക്വാറന്റൈനിൽ ഉള്ളവർ രണ്ടു ദിവസം മുമ്പ് അറിയിക്കണം

സെപ്റ്റംബർ അഞ്ചിന് തൃശ്ശൂർ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നടത്തുന്ന ഗുരുവായൂർ ദേവസ്വം ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (കാറ്റഗറി നമ്പർ40/ 2020), റസിഡന്റ് മെഡിക്കൽ ഓഫീസർ (കാറ്റഗറി നമ്പർ 12/2020), കൊച്ചിൻ ദേവസ്വം ബോർഡിലെ സിസ്റ്റം മാനേജർ (കാറ്റഗറി നമ്പർ32/ 2020) എന്നീ തസ്തികകളുടെ പരീക്ഷയിൽ പങ്കെടുക്കുന്ന കോവിഡ് ബാധിതരായ ഉദ്യോഗാർത്ഥികളും, ക്വാറന്റീനിൽ കഴിയുന്ന ഉദ്യോഗാർത്ഥികളും, കണ്ടെയ്ൻമെന്റ് സോണിൽ നിന്നോ അന്യസംസ്ഥാനത്ത് നിന്നോ വിദേശത്ത് നിന്നോ വരുന്ന ഉദ്യോഗാർത്ഥികളും വിവരം പരീക്ഷയ്ക്ക് രണ്ടേൺ ദിവസം മുൻപ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഇമെയിൽ (k-dr-b-tvm@gm-a-i-l.com) മുഖേനയോ ഫോൺ മുഖേനയോ (സെക്രട്ടറി8921480998, പരീക്ഷാ കൺട്രോളർ 8547700068) അറിയിക്കണം.

ഉദ്യോഗാർത്ഥിയുടെ പേര്, രജിസ്റ്റർ നമ്പർ പരീക്ഷാകേന്ദ്രത്തിന്റെ പേര് എന്നിവ ഇമെയിലിൽ സൂചിപ്പിക്കണം.

ക്വാറന്റീനിൽ കഴിയുന്നവർ ഇത് സംബന്ധിച്ച് ഒരു സത്യവാങ്മൂലം വെള്ള പേപ്പറിൽ എഴുതി പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സുപ്രണ്ടൺ മുൻപാകെ സമർപ്പിക്കണം. കോവിഡ് പോസിറ്റീവായ ഉദ്യോഗാർത്ഥികൾ അവരവർ ഏർപ്പാടാക്കുന്ന വാഹനത്തിൽ എത്തി പരീക്ഷാ കേന്ദ്രത്തിനുള്ളിൽ ചീഫ് സൂപ്രണ്ടൺ നിർദ്ദേശിക്കുന്ന പ്രകാരം ആ വാഹനത്തിനുള്ളിലിരുന്ന് പരീക്ഷ എഴുതണം.

കോവിഡ് പോസിറ്റീവായ ഉദ്യോഗാർത്ഥികൾ പ്രത്യേക വാഹനത്തിൽ എത്തിയാലേ പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ.

ഇവരെ പരീക്ഷ എഴുതാൻ അനുവദിച്ചുകൊണ്ടൺഉള്ള ആരോഗ്യ വകുപ്പിന്റെ അനുമതിപത്രം, കോവിഡ് 19 പോസിറ്റീവ് സർട്ടിഫിക്കറ്റ്, ഉദ്യോഗാർത്ഥികളുടെ ഐഡന്റിറ്റി തെളിയിക്കുന്നതിന് അഡ്മിഷൻ ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് ഇവ പരീക്ഷാ കേന്ദ്രത്തിൽ എത്തുമ്പോൾ നിർബന്ധമായും ഹാജരാക്കണം.

ഇമെയിലിൽ ഉൾപ്പെടുത്തേൺ മറ്റ് രേഖകൾ സംബന്ധിച്ച വിവരങ്ങൾ, കോവിഡ് പോസിറ്റീവായവർക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്നിവ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.k-dr-b.k-er-a-l-a.gov.in) ലഭ്യമാണ്.

# 'സ്നേഹ തീർത്ഥം' പദ്ധതിക്ക് തുടക്കമായി

## ആയിരത്തോളം ഭിന്നശേഷി കുട്ടികൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ

തിരുവനന്തപുരം: ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റി എൻജിനീയേഴ്സ് ഫെഡറേഷനും റോട്ടറി ഇന്റർനാഷണലും സംയുക്തമായി നടപ്പാക്കുന്ന 'സ്നേഹ തീർത്ഥം' പദ്ധതിക്ക് തുടക്കമായി. വഞ്ചിയൂരിലെ സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥിയായ ഐ എസ് സുധീപിന് കുടിവെള്ള കണക്ഷൻ നൽകി മന്ത്രി റോഷി അഗസ്റ്റിൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

കേരളത്തിൽ ഭിന്നശേഷിക്കാരായ ആയിരത്തോളം നിർധന കുടുംബങ്ങൾ ഉണ്ടെന്നാണ് പ്രാഥമിക കണക്കുകൂട്ടൽ. അയ്യായിരം മുതൽ പതിനായിരം രൂപ വരെയാണ് ഒരു കണക്ഷന് വേണ്ടി വരുന്നത്. റോട്ടറി ക്ലബിന്റെ നേതൃത്വത്തിൽ സുമനസുകളുടെ കൂടി സഹകരണത്തോടെയാണ് പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. ഇത്തരം കണക്ഷനുകൾക്ക് വാട്ടർ ചാർജും ഒഴിവാക്കി നൽകാൻ നടപടി സ്വീകരിക്കും. ജലവിഭവ വകുപ്പിനെ സാധാരണക്കാരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും കൂടുതൽ അടുപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

വാട്ടർ അതോറിറ്റിയിലെ എൻജിനീയർമാർ ഉൾപ്പെടെയുള്ള ജീവനക്കാർ പദ്ധതിയോട് അനുഭാവ പൂർണമായ സമീപനമാണ് സ്വീകരിച്ചത്. പദ്ധതിക്കായി തന്റെ ശമ്പളത്തിൽ നിന്ന് 25,000 രൂപയും ചടങ്ങിൽ മന്ത്രി റോഷി അഗസ്റ്റിൻ സംഘടനയ്ക്ക് കൈമാറി. മറ്റു ജില്ലകളിലും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി കുടിവെള്ള കണക്ഷൻ നൽകാനുള്ള നടപടികൾ ആറു മാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് പദ്ധതി.

ചടങ്ങിൽ ബിനോയ് വിശ്വം എംപി അധ്യക്ഷനായി. പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷൻ നൽകിയ ഐ എസ് സുധീപിന്റെയും വെട്ടുകാട് സ്വദേശിയും സെറിബ്രൽ പാൾസി രോഗബാധിതനായ ജയ്സൺ ബി ജോയിയുടെയും വീടുകൾ മന്ത്രിമാരായ റോഷി അഗസ്റ്റിനും സ്ഥലം എംഎൽഎ കൂടിയായ അഡ്വ. ആന്റണി രാജുവും സന്ദർശിച്ചു.

വെട്ടുകാട് പള്ളി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ റോട്ടറി 3211 ഡിസ്ട്രിക്ട് ഗവർണർ കെ ശ്രീനിവാസൻ ലോഗോ പ്രകാശനം ചെയ്തു. റോട്ടറി ക്ലബ് ഓഫ് ട്രിവാൻഡ്രം മെട്രോപോളിസ് പ്രസിഡന്റ് ടി സന്തോഷ് കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ഇഎഫ്കെഡബ്ല്യൂഎ വർക്കിങ് പ്രസിഡന്റ് വിഎസ് കൃഷ്ണകുമാർ, കേരള വാട്ടർ അതോറിറ്റി എംഡി വെങ്കിടേശപതി, ടെക്നിക്കൽ മെമ്പർ ജി ശ്രീകുമാർ, സി ഷാജി, കെ അലക്സ്, ഫാ. ജോർജ് ഗോമസ്, പ്രകാശ് ഇടിക്കുള, സലിൻ പീറ്റർ, എസ് രഞ്ജീവ്, പി ബിജു, എ സുജാത എന്നിവർ പ്രസംഗിച്ചു.

# ഓണക്കിറ്റ് വിതരണം സെപ്റ്റംബർ മൂന്നു വരെ നീട്ടി

സംസ്ഥാന സർക്കാരിന്റെ ഓണക്കിറ്റ് വിതരണം സെപ്റ്റംബർ മൂന്ന് വരെ നീട്ടിയതായി ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. കോവിഡ് ബാധിച്ച് ചികിത്സയിലുള്ള കുടുംബങ്ങൾക്ക് കിറ്റുകൾ കൈപ്പറ്റാൻ കഴിഞ്ഞിട്ടില്ല എന്ന പരാതി മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് തീയതി നീട്ടിയത്. കിടപ്പ് രോഗികൾ, കോവിഡ് ബാധിതർ എന്നിവർക്ക് പ്രോക്സി സംവിധാനം ഉപയോഗപ്പെടുത്തി കിറ്റുകൾ കൈപ്പറ്റാവുന്നതാണെന്ന് മന്ത്രി അറിയിച്ചു. ചൊവ്വാഴ്ച അഞ്ച് മണിവരെ 85, 99, 221 കിറ്റുകൾ വിതരണം ചെയ്തതായി മന്ത്രി അറിയിച്ചു. സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലേക്ക് വിതരണം ചെയ്ത 10,174 കിറ്റുകൾ ഉൾപ്പെടെ 86,09,395 ഓണ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള കിറ്റുകളുടെ വിതരണം പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ മുഖേനയുള്ള വാതിൽപ്പടി വിതരണം വഴി എല്ലാ ജില്ലകളിലും നടന്നു വരുന്നു.

വിവിധ കാരണങ്ങളാൽ ഓണക്കിറ്റ് കൈപ്പറ്റാൻ കഴിയാത്ത കാർഡുടമകൾ മൂന്നിനകം കിറ്റുകൾ കൈപ്പറ്റണമെന്ന് മന്ത്രി അറിയിച്ചു. കിറ്റ് വിതരണവുമായി ബന്ധപ്പെട്ട ഏതെങ്കിലും കാർഡുടമകൾക്ക് ബുദ്ധിമുട്ടുണ്ടായാൽ ബന്ധപ്പെട്ട ഡി.എസ്.ഒ/ ടി.എസ്.ഒ ഓഫീസുകളുമായി ബന്ധപ്പെടണമെന്നും ഇതിനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയതായും മന്ത്രി അറിയിച്ചു.



ആശ്രാമം യൂനുസ് കൺവെൻഷൻ സെന്ററിൽ മീറ്റ് മിനിസ്റ്റർ പരിപാടിയിൽ സംരംഭകരുടെ പരാതി കേൾക്കുന്ന വ്യവസായ മന്ത്രി പി. രാജീവ്

# കുട്ടനാട്ടിലെ കർഷകർക്ക് മന്ത്രി റോഷി അഗസ്റ്റിന്റെ കൈത്താങ്ങ് ബണ്ട് നിർമിക്കാൻ 50 ലക്ഷം രൂപയുടെ അടിയന്തര സഹായം

ആലപ്പുഴ: കുട്ടനാട് മംഗലം മാണിക്യ മംഗലം കായൽ പ്രദേശത്ത് പുറം ബണ്ടിൽ മടകെട്ടുന്നതിന് 50 ലക്ഷം രൂപ അനുവദിച്ച് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ ഉത്തരവ്. അഡ്മിനിട്രേഷൻ സാങ്ഷൻ ലഭിച്ച് മാസങ്ങളായിട്ടും ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കാത്തതിനാൽ മടകുത്തുന്നത് വൈകുകയായിരുന്നു. തുടർന്നാണ് വിഷയത്തിൽ മന്ത്രി ഇടപെട്ടതും അടിയന്തരമായി പദ്ധതി പൂർത്തിയാക്കാൻ നിർദേശിക്കുകയും ചെയ്തത്.

368 ചെറുകിട നാമമാത്ര കർഷകർക്ക് പ്രയോജനം ലഭിക്കുന്നതാണ് പദ്ധതി. ബണ്ട് പുനർനിർമാണം സെപ്റ്റംബറിൽ തന്നെ പൂർത്തീകരിക്കണമെന്നും മന്ത്രി നിർദേശം നൽകി. കൃഷി വകുപ്പിന്റെ കാർഷിക കലണ്ടർ പ്രകാരം നവംബർ രണ്ടിന് മുൻപായി വിതയ്ക്കേണ്ടതും മാർച്ചിൽ വിളവെടുപ്പ് പൂർത്തീകരിക്കേണ്ടതുമാണ്. ഇതു നടന്നില്ലെങ്കിൽ നൂറു കണക്കിന് കർഷകരും കർഷക തൊഴിലാളികൾക്കും തൊഴിൽ നഷ്ടമുണ്ടാവുകയും ചെയ്യുമായിരുന്നു. മന്ത്രിയുടെ ഇടപെടൽ മൂലം ഈ പ്രതിസന്ധിയാണ് പരിഹരിക്കപ്പെട്ടത്.

## പേട്ട റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡ് അറ്റകുറ്റപ്പണി രണ്ടു മാസത്തിനകം: മന്ത്രി മുഹമ്മദ് റിയാസ്

തിരുവനന്തപുരം പേട്ട റെയിൽവേ മേൽപ്പാലം അപ്രോച്ച് റോഡിന്റെ തകർന്നുപോയ ഭാഗത്തെ അറ്റകുറ്റപ്പണി രണ്ടു മാസത്തിനകം പൂർത്തിയാക്കുമെന്നു പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ്.

അപ്രോച്ച് റോഡിന്റെ തകർന്നുപോയ ഭാഗത്തെ നിർമാണം വിലയിരുത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒക്ടോബർ മാസത്തോടുകൂടി 45 മീറ്റർ നീളത്തിൽ ഭിത്തി കെട്ടി പാലം പൂർണമായും ഗതാഗതത്തിന് തുറന്നു കൊടുക്കാൻ കഴിയും. ഇതു ലക്ഷ്യംവച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും മന്ത്രി പറഞ്ഞു.

# കൊല്ലത്ത് വ്യവസായ പാർക്കുകൾ തുടങ്ങും – മന്ത്രി പി. രാജീവ്

കൊല്ലം ജില്ലയിൽ വ്യവസായ പാർക്കുകൾ തുടങ്ങുന്നത് പരിഗണനയിലെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ജില്ലയിലെ എം. എൽ. എമാരുമായി ആശയവിനിമയം നടത്തിയ ശേഷമാണ് അദ്ദേഹം ഇതറിയച്ചത്. വ്യവസായ സൗഹൃദ മേഖലയെന്ന പരിഗണനയോടെ സ്വാകാര്യ പാർക്കുകൾ സ്ഥാപിക്കുന്നതിന് അവസരം നൽകാനും ഉദ്ദേശിക്കുന്നു. ഇതിനായി എം. എൽ. എമാർ സാധ്യതകൾ ആരായണം. പരിമിതമായ തോതിൽ പശ്ചാത്തല സൗകര്യം ഒരുക്കി ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന് നിയമ പരിഷ്കരണം നടത്താനും ശ്രമം നടത്തുകയാണ്.

ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച നിയമത്തിന്റെ കരട് തയ്യാറാകുകയാണ്. പാർവതി മില്ലിന്റെ സ്ഥലം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകളുമായി കേന്ദ്ര സർക്കാരിനെ സമീപിക്കും. ചവറ കെ. എം. എം. എൽ ഫാക്ടറിയിലെ ഭൂമി ഏറ്റെടുക്കലിന് നേരിട്ട തടസ്സങ്ങൾ നീക്കി വരികയാണ്. ഈ കമ്പനിക്ക് നഷ്ടം വരുത്തും വിധമുള്ള സമരങ്ങളിൽ നിന്ന് വിട്ടു നിൽക്കാൻ ശ്രദ്ധിക്കണം എന്നും മന്ത്രി ഓർമിപ്പിച്ചു.

ജില്ലയുടെ വ്യാവസായിക വികസനത്തിന് ഉതകുന്ന എല്ലാ പിന്തുണയും നൽകുമെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ വ്യക്തമാക്കി. തകർന്ന വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തും. സാധ്യമായ എല്ലാ മാർഗങ്ങളും അതിനായി വിനിയോഗിക്കും. സാമ്പത്തികമായി നേരിടുന്ന വെല്ലുവിളികളെ സാഹചര്യങ്ങൾക്ക് അനുസൃതമായി മറികടക്കാനുള്ള ആത്മാർഥ ശ്രമങ്ങളാണ് നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

മഹാമാരിക്കാലത്ത് സാമ്പത്തികമായി തകർന്ന ഒട്ടേറെപ്പേർ മൃഗസംരക്ഷണ സംരംഭങ്ങൾ തുടങ്ങുന്നത് വലിയ പ്രതീക്ഷയ്ക്ക് ഇടയാക്കുകയാണെന്ന് മൃഗസരംക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. വ്യവസായങ്ങൾക്ക് അനുകൂലമായ പ്രദേശമാണ് കൊല്ലം. മുമ്പുണ്ടായിരുന്ന പലതും ഇടക്കാലക്ക് പിന്നാക്കമായി. അവയെ തിരികെ കൊണ്ട് വരുന്നതിനുള്ള ശ്രമങ്ങൾക്കൊപ്പം നിൽക്കും. കശുവണ്ടി മേഖലയ്ക്ക് കാര്യമായ സംരക്ഷണം ആവശ്യമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പരമ്പരാഗത തൊഴിൽ മേഖലയുടെ സംരക്ഷണം, വ്യവസായങ്ങളുടെ പുരുദ്ധാരണം, മുടങ്ങിക്കിടക്കുന്ന സംരംഭങ്ങൾക്ക് പിന്തുണ തുടങ്ങിയ ആവശ്യങ്ങളാണ് എം. എൽ. മാരായ എം. മുകേഷ്, എം. നൗഷാദ്, കോവൂർ കുഞ്ഞുമോൻ, പി. എസ്. സുപാൽ, സുജിത്ത് വിജയൻപിള്ള, പി. സി. വിഷ്ണുനാഥ്, സി. ആർ. മഹേഷ് തുടങ്ങിയവർ മുന്നോട്ട് വച്ചത്.

## എവിൻ ലൂയിസും ഒഷേൻ തോമസും രാജസ്ഥാൻ റോയൽസിൽ

ജയ്പൂർ: യുഎഇയിൽ നടക്കാനിരിക്കുന്ന രണ്ടാം പാദ ഐപിഎൽ മത്സരങ്ങൾക്കുള്ള പകരക്കാരെയൊക്കെ കണ്ടെത്തി രാജസ്ഥാൻ റോയൽസ്. വെസ്റ്റിൻഡീസ് താരങ്ങളായ എവിൻ ലൂയിസും ഒഷേൻ തോമസുമാണ് രാജസ്ഥാനിലെത്തിയത്. ഒഷേൻ തോമസ് ഇതിന് മുൻപും രാജസ്ഥാനായി കളിച്ചിട്ടുണ്ട്.

മാനസികാരോഗ്യം ചൂണ്ടികാട്ടി ക്രിക്കറ്റിൽ നിന്ന് അനിശ്ചിത കാല ഇടവേളയെടുത്ത ഓൾറൗണ്ടർ ബെൻ സ്റ്റോക്ക്സിനും മറ്റൊരു ഇംഗ്ലണ്ട് താരമായ ജോസ് ബട്ലറിനും പകരക്കാരായാണ് ലൂയിസും ഒഷേൻ തോമസും ടീമിലെത്തിയത്. മുംബൈ ഇന്ത്യൻസിനായി കളിച്ചിട്ടുള്ള വെടിക്കെട്ട് ഓപ്പണറായ എവിൻ ലൂയിസ് ഐപിഎലിലെ 16 മത്സരങ്ങളിൽ നിന്നായി 430 റൺസ് നേടിയിട്ടുണ്ട്.

# ടെസ്റ്റ് റാങ്കിങ്ങിൽ ജോ റൂട്ട് ഒന്നാമത്

ദുബായ്: ഐസിസി ടെസ്റ്റ് റാങ്കിങ്ങിൽ വമ്പൻ നേട്ടവുമായി ഇംഗ്ലണ്ട് ക്യാപ്റ്റൻ ജോ റൂട്ട്. ഇന്ത്യയ്ക്കെതിരായ ലീഡ്സ് ടെസ്റ്റിലെ തകർപ്പൻ സെഞ്ചുറിയോടെ ബാറ്റ്സ്മാന്മാരുടെ റാങ്കിങ്ങിൽ ഇംഗ്ലണ്ട് നായകൻ ഒന്നാം സ്ഥാനത്തെത്തി. ന്യൂസിലാൻഡ് ക്യാപ്റ്റൻ കെയ്ൻ വില്യംസണെ പിന്നിലാക്കിയാണ് ജോ റൂട്ട് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തിയത്.

നേരത്തെ പരമ്പരയുടെ തുടക്കത്തിൽ അഞ്ചാം സ്ഥാനത്തായിരുന്നു ജോ റൂട്ട്. തുടർന്ന് രണ്ടാം ടെസ്റ്റിന് പുറകെ താരം രണ്ടാം സ്ഥാനത്തെത്തിയിരുന്നു. 916 പോയിന്റാണ് ഒന്നാം സ്ഥാനത്തുള്ളത് ജോ റൂട്ടിനുള്ളത്. 901 പോയിന്റോടെ കെയ്ൻ വില്യംസൺ, 891 പോയിന്റോടെ സ്റ്റീവ് സ്മിത്ത്, 878 പോയിന്റോടെ മാർനസ് ലാബുഷെയ്ൻ എന്നിവരാണ് റാങ്കിങ്ങിൽ റൂട്ടിന് പുറകിലുള്ളത്.

ലീഡ്സ് ടെസ്റ്റിലെ രണ്ടാം ഇന്നിങ്സിലെ അർധസെഞ്ചുറിയോടെ ഇന്ത്യൻ ഓപ്പണർ രോഹിത് ശർമ്മ റാങ്കിങ്ങിൽ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോലിയെ പിന്നിലാക്കി അഞ്ചാം സ്ഥാനത്തെത്തി. 2017 ന് ശേഷം ഇതാദ്യമായാണ് ടെസ്റ്റ് റാങ്കിങ്ങിൽ മറ്റൊരു ഇന്ത്യൻ ബാറ്റ്സ്മാൻ കോലിക്ക് മുൻപിലെത്തുന്നത്.

പരമ്പരയിൽ മോശം പ്രകടനം തുടർന്ന വിക്കറ്റ് കീപ്പർ റിഷഭ് പന്ത് 12 ആം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടപ്പോൾ ചേതേശ്വർ പുജാര മൂന്ന് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി 15 ആം സ്ഥാനത്തെത്തി.

മത്സരത്തിലെ തകർപ്പൻ പ്രകടനത്തോടെ ഇംഗ്ലണ്ട് പേസർ ജെയിംസ് ആൻഡേഴ്സൻ ബൗളർമാരുടെ റാങ്കിങ്ങിൽ അഞ്ചാം സ്ഥാനത്തെത്തി. മത്സരത്തിൽ മാൻ ഓഫ് ദി മാച്ച് നേടിയ ഒല്ലി റോബിൻസൺ ഒമ്പത് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി 36 ആം സ്ഥാനത്തെത്തി. 908 പോയിന്റോടെ ഓസ്ട്രേലിയൻ പേസർ പാറ്റ് കമ്മിൻസും 839 പോയിന്റോടെ ഇന്ത്യൻ സ്പിന്നർ രവിചന്ദ്രൻ അശ്വിനുമാണ് റാങ്കിങ്ങിൽ ഒന്നും രണ്ടും സ്ഥാനങ്ങളിലുള്ളത്. ജസ്പ്രീത് ബുംറയാണ് ആദ്യ പത്തിലുള്ള മറ്റൊരു ഇന്ത്യൻ ബൗളർ.

## ഡിജിപിയുടെ ഓൺലൈൻ അദാലത്ത്: തീയതികൾ പ്രഖ്യാപിച്ചു

തിരുവനന്തപുരം: പൊലീസ് ഉദ്യോഗസ്ഥരുടെ പരാതികളിൽ പരിഹാരം കാണുന്നതിനുള്ള സംസ്ഥാന പൊലീസ് മേധാവിയുടെ ഓൺലൈൻ അദാലത്ത് ഒമ്പത്, 16,23 തീയതികളിൽ നടക്കും. ഇടുക്കി, കണ്ണൂർ സിറ്റി, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലെ പൊലീസ് ഉദ്യോഗസ്ഥരുടെ പരാതികൾ ഒമ്പതിനാണ് പരിഗണിക്കുന്നത്. പരാതികൾ നാളെയോടെ പൊലീസ് ആസ്ഥാനത്ത് ലഭിക്കണം.

കൊച്ചി സിറ്റി, എറണാകുളം റൂറൽ എന്നിവിടങ്ങളിലെ പരാതികൾ 16 ന് പരിഗണിക്കും. ഒമ്പതിനാണ് പരാതികൾ ലഭിക്കേണ്ട അവസാന തീയതി. കൊല്ലം സിറ്റി, കൊല്ലം റൂറൽ ജില്ലകളിലെ പരാതികൾ 23 നാണ് പരിഗണിക്കുക. 13 നകം പരാതികൾ ലഭിക്കണം. പരാതികൾ ുരമേഹസഭ.ൂീഹ@സലൃമഹമ.ഴീ.ശി എന്ന വിലാസത്തിൽ ലഭിക്കണം. പരാതിയിൽ മൊബൈൽ നമ്പറും ഉൾപ്പെടുത്തണം. 9497900243 ആണ് ഹെൽപ്പ് ലൈൻ നമ്പർ.

സർവീസിലുള്ളതും വിരമിച്ചതുമായ പൊലീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് സംബന്ധവും വ്യക്തിപരവുമായ പരാതികളാണ് പരിഗണിക്കുന്നത്. ഇവ നേരിട്ട് സംസ്ഥാന പൊലീസ് മേധാവിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാം. പൊലീസ് ഉദ്യോഗസ്ഥർക്ക് മേലധികാരി മുഖേനയല്ലാതെ നേരിട്ടുതന്നെ പരാതി നൽകാമെന്നതാണ് പ്രത്യേകത. പൊലീസ് ഉദ്യോഗസ്ഥരുടെ ജീവിതപങ്കാളിക്കും പരാതി നൽകാം.

# മാർച്ചിനു മുൻപ് ഒരു ലക്ഷം വീടുകളിൽ സോളാർ പാനലുകൾ ലക്ഷ്യം: മന്ത്രി കെ കൃഷ്ണൻകുട്ടി

തിരുവനന്തപുരം: മാർച്ചിനു മുൻപ് സംസ്ഥാനത്ത് ഒരു ലക്ഷം വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുകയാണ് ലക്ഷ്യമെന്നു വൈദ്യുതി മന്ത്രി കെ കൃഷ്ണൻകുട്ടി. പാരമ്പര്യേതര ഊർജ സ്രോതസുകൾ പരമാവധി ഉപയോഗപ്പെടുത്താനുള്ള സർക്കാർ നയത്തിന്റെ ഭാഗമാണിതെന്നും അദ്ദേഹം പറഞ്ഞു. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഇലക്ട്രിക് സ്കൂട്ടറുകളുടെ പ്രദർശനവും വെബ് പോർട്ടൽ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

ഇന്ധന വിലക്കയറ്റത്തിൽ നിന്നു രക്ഷപ്പെടാനുള്ള ബദർ മാർഗമായാണ് എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ 'ഗോ ഇലക്ട്രിക്' എന്ന പേരിൽ ഇലക്ട്രിക് സ്കൂട്ടറുകളുടെ ക്യാംപെയിൻ സംഘടിപ്പിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്നു മന്ത്രി പറഞ്ഞു. ഇലക്ട്രിക് വാഹനങ്ങളിലേക്കു മാറുന്നതുവഴി ഇന്ധനച്ചെലവ് പത്തിലൊന്നായി കുറയ്ക്കാനാകും. ഇത് ഊർജ ലാഭത്തിനു പുറമേ സാമ്പത്തിക ലാഭവുമുണ്ടാക്കും. അതുവഴി കുടുംബ ബജറ്റ് താളംതെറ്റുന്ന അവസ്ഥയ്ക്കു പരിഹാരമാകുമെന്നും മന്ത്രി പറഞ്ഞു.

എനർജി മാനേജ്മെന്റ് സെന്റർ, കൺവർജൻസ് എനർജി സർവീസസ് ലിമിറ്റഡുമായി ചേർന്നാണ് ഒരു വർഷം നീളുന്ന 'ഗോ ഇലക്ട്രിക്' ക്യാംപെയിൻ സംഘടിപ്പിക്കുന്നത്. ക്യാംപെയിനിന്റെ ഭാഗമായി വെള്ളയമ്പലം ഇൻസ്റ്റിറ്റിയൂഷൻ ഓഫ് എൻജിനീയേഴ്സ് ഹാൾ അങ്കണത്തിൽ നടക്കുന്ന പ്രദർശനത്തിൽ ആറു കമ്പനികളുടെ 14 ഓളം മോഡലുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ടെസ്റ്റ് ഡ്രൈവിങ്ങിനും ബുക്കിങ്ങിനും അവസരമുണ്ടാകും. 27.47 ശതമാനം സർക്കാർ സബ്സിഡി ലഭിക്കും. സെപ്റ്റംബർ നാലു വരെയാണു പ്രദർശനം. ഓൺലൈൻ പോർട്ടലായ ഞ്യഌഡ.ീൃഴ.ശി വഴിയും ഇലക്ട്രിക് ടൂവീലറുകൾ പ്രത്യേക ആനുലൂകൃത്തോടെ വാങ്ങാം.

ഉദ്ഘാടന ചടങ്ങിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ചു. ഊർജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ, എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ ഹരികുമാർ, സിഇഎസ്എൽ മാനേജിങ് ഡയറക്ടർ മഹുവ ആചാര്യ തുടങ്ങിയവർ പങ്കെടുത്തു.

## വിജയ് ഹസാരെ, രഞ്ജിട്രോഫി മത്സരങ്ങൾക്ക് തിരുവനന്തപുരം വേദി

തിരുവനന്തപുരം: വിജയ് ഹസാരെ, രഞ്ജി ട്രോഫി മത്സരങ്ങൾക്ക് തിരുവനന്തപുരം വേദിയാവും. തീരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയം, തുമ്പ സെന്റ് സേവ്യേഴ്സ് കോളജ് ഗ്രൗണ്ട്, മംഗലാപുരം കെസിഎ ഗ്രൗണ്ട് എന്നിവിടങ്ങളിലും മത്സരം നടക്കും.

ഡിസംബർ എട്ടിനാണ് വിജയ് ഹസാരെ ടൂർണമെന്റ് ആരംഭിക്കുന്നത്. ജനുവരി 13ന് രഞ്ജി ട്രോഫിക്കും തുടക്കമാവും. രഞ്ജി ട്രോഫി, വിജയ് ഹസാരെ ഗ്രൂപ്പ് ഘട്ടത്തിൽ കേരള ടീം കേരളത്തിൽ കളിക്കുന്നില്ല, രഞ്ജി ട്രോഫിയിൽ മൊഹാലിയാണ് കേരളത്തിന്റെ മത്സര വേദി.

വിജയ് ഹസാരെയിൽ മൊഹാലിയും സയിദ് മുഷ്താഖ് അലി ട്രോഫിയിൽ ഡൽഹിയുമാണ് കേരളത്തിന്റെ വേദികൾ. ബംഗാൾ, രാജസ്ഥാൻ, വിദർഭ, ഹരിയാന, ത്രിപുര എന്നിവർ ഉൾപ്പെട്ട ശക്തമായ ഗ്രൂപ്പിലാണ് കേരളം രഞ്ജിയിൽ.

മഹാരാഷ്ട്ര, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ് എന്നി ടീമുകളുടെ ഗ്രൂപ്പിലാണ് വിജയ് ഹസാരെയിൽ കേരളം. വിജയ് ഹസാരെയിൽ ബി ഗ്രൂപ്പിലെ ടീമുകളുടെ വേദിയാണ് കാര്യവട്ടം. രഞ്ജിയിലെ ഇ ഗ്രൂപ്പ് ടീമുകളും തിരുവനന്തപുരത്ത് കളിക്കും.

# പാരാലിമ്പിക്സിൽ ഷൂട്ടിങ്ങിലും ബാഡ്മിന്റനിലും ഇന്ത്യ പുറത്ത്

ടോക്യോ: പാരാലിമ്പിക്സിൽ ഇന്ത്യക്ക് നിരാശ. മിക്സഡ് 10 മീറ്റർ എയർ റൈഫിൾ പ്രോൺ എസ്എച്ച് വണ്ണിൽ ഇന്ത്യയുടെ സ്വർണ മെഡൽ താരമായ അവനി ലെഖാര യോഗ്യതാ റൗണ്ടിൽ പുറത്തായി. 27ാം സ്ഥാനത്താണ് അവനി ഫിനിഷ് ചെയ്തത്. സ്കോർ 629.7.രണ്ടു ദിവസം മുമ്പ് നടന്ന വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ എസ്എച്ച് 1ൽ അവനി റെക്കോഡോടെ സ്വർണ മെഡൽ കരസ്ഥമാക്കിയിരുന്നു.

പുരുഷന്മാരുടെ വിഭാഗത്തിൽ മലയാളി താരമായ സിദ്ധാർത്ഥ ബാബുവിനും ദീപക് കുമാറിനും ഫൈനലിലേക്ക് യോഗ്യത നേടാനായില്ല. ഇരുവരും യഥാക്രമം 40, 43 സ്ഥാനങ്ങളിലാണ് ഫിനിഷ് ചെയ്തത്. സ്കോർ 625.5,624.9.

നീന്തലിൽ 100 മീറ്റർ ബ്രെസ്റ്റ് സ്ട്രോക്കിൽ സുയാഷ് ജാധവും നിരാശപ്പെടുത്തി. ചട്ടങ്ങൾ ലംഘിച്ചതിനെ തുടർന്ന് താരത്തെ മത്സരത്തിൽ നിന്നും അയോഗ്യനാക്കുകയായിരുന്നു. 2015 ഏഷ്യൻ പാരാഗെയിംസിലെ സ്വർണ മെഡൽ ജേതാവാണ് സുയാഷ്.

ബാഡ്മിന്റനിൽ പ്രമോദ് ഭഗതും പാലക് കോലിയും ചേർന്ന സഖ്യം മിക്സഡ് ഡബിൾസിൽ പരാജയപ്പെട്ടു. വനിതാ സിംഗിൾസിലും പാലക് കോലിക്ക് തോൽവി നേരിട്ടു. ക്ലബ് ത്രോയിൽ ഇന്ത്യൻ താരങ്ങളായ ധരംവീർ നൈൻ, അമിത് സഹോര എന്നിവർക്കും മെഡലിലേക്ക് എത്താൻ സാധിച്ചില്ല.



ഭിന്നശേഷി കുട്ടികളുടെ കുടുംബങ്ങൾക്ക് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്ന സ്നേഹ തീർത്ഥം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു

# ശക്തമായ കാറ്റിനു സാധ്യത; സെപ്റ്റംബർ അഞ്ചിന് കടലിൽ പോകരുത്

തിരുവനന്തപുരം: കേരള ലക്ഷദ്വീപ് തീരങ്ങളിൽ സെപ്റ്റംബർ അഞ്ചിന് മണിക്കൂറിൽ 40 മുതൽ 50 കിമീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനു സാധ്യതയുണ്ടെന്നു കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ മത്സ്യതൊഴിലാളികൾ യാതൊരു കാരണവശാലും കടലിൽ പോകരുതെന്നു ജില്ലാ കളക്ടർ ഡോ. നവ്ജ്യോത് ഖോസ അറിയിച്ചു. വടക്കൻ തമിഴ്നാട് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും വടക്കൻ ആന്ധ്ര തീരങ്ങളിൽ നാലിനും അഞ്ചിനും മണിക്കൂറിൽ 40 മുതൽ 50 കി.മീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ ഈ ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിനു പോകരുതെന്നും കളക്ടർ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.